പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 926 | 11.03. 2015 ൽ മറുപടിക്ക്

## മിനിമം വേതനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മിനിമം വേതനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം മേഖലയിലാണ് ഈ സർക്കാർ വന്നതിനു ശേഷം മിനിമം വേതനം നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) 1948-ലെ മിനിമം വേതന നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കി വരുന്നതിനു പുറമേ, പുതുതായി ഉൾപ്പെടുത്തപ്പെട്ട അഞ്ച് തൊഴിൽ മേഖലകളിൽകൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്ഥാപനങ്ങളിൽ പരിശോധന നടത്തി മിനിമം വേതന നിയമപ്രകാരമുള്ള കൂലി ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നിയമ ലംഘനം നടത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. 2014 ഒക്ടോബർ വരെ സംസ്ഥാനത്തെ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടു ണ്ട്. അതുകൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർസാന്റ് കളക്ഷൻ, ട്രീക്ലൈമ്പിംഗ്, ഹാന്റിക്രാഫ്റ്റ്, പെട്രോൾ പമ്പ്, മാർബിൾ & ഗ്രാനൈറ്റ് ഇൻഡസ്ട്രി, ടിംബർ കട്ടിംഗ്, |

സെക്യൂരിറ്റി സർവീസ്, ഇലക്ട്രോണിക് വ്യവസായം, ടെലിഫിലിം & മോഷൻ പിക്ച്ചർ, ബ്രിക്സ് മാനുഫാക്ചറിംഗ്, തീപ്പെട്ടി വ്യവസായം, പവർലൂം, അലൂമിനിയം & ടിൻ പ്രൊഡക്ട്സ്, കെയിൻ & ബാംബൂ ഇൻഡസ്ട്രി, ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസുകൾ, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഇലക്ട്രിക് എക്യുപ്മെന്റ്, ഹോം അപ്ലയൻസസ്, മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ്, പ്ലാസ്റ്റിക് ഇൻഡസ്ട്രി, പ്രൈവറ്റ് ടെംപിൾസ്, സോപ്പ് മാനുഫാക്ചറിംഗ്, ടാനറിസ് & ലതർ മാനുഫാക്ചറിംഗ്, വാട്ടർ ബോട്ട് ട്രാൻസ്പോർട്ട്, കൺസ്ട്രക്ഷൻ & മെയിന്റനൻസ് ഓഫ് ഡാംസ്, ഡയമണ്ട് കട്ടിംഗ് & പോളിഷിംഗ്, ഹോസിയറി വ്യവസായം, ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി, പ്രൈവറ്റ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, സ്റ്റാർ ഹോട്ടൽ, കയർ ഇൻഡസ്ട്രി, ഓയിൽ പാം, പ്രൈവറ്റ് ഹോസ്പിറ്റൽസ്, ബ്രൂവറീസ്, പ്ലാന്റേഷൻസ്, ടൈൽ ഇൻഡസ്ട്രി, ടിംബർ ആന്റ് പ്ലൈവുഡ് ഇൻഡസ്ട്രി, കശുവണ്ടി മേഖല എന്നീ തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഇ. പി. എഫ് ആനുകൂല്യം നൽകാതിരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ പല കമ്പനികളും ജീവനക്കാരെ ട്രെയിനിയായി മാറ്റുന്ന രീതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരം ചൂഷണം തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ.